79496

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

1986 നവംബർ 25, ചൊവ്വ

നിയമസഭ 1986 നവംബർ 25-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

വിദേശ സഹായത്തോടെയുള്ള ഡ്രെയിനേജ് പദ്ധതി

*491 [523] ശ്രീ. കെ.പി. അരവിന്ദാക്ഷൻ:
,, വി.എസ്. ചന്ദ്രശേഖരൻ പിള്ള:
,, പി.വി. കുഞ്ഞികണ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശസഹായത്തോടെ ഇപ്പോൾ സംസ്ഥാനത്ത് ഡ്രെയിനേജ് പദ്ധതികളുടെ പണി നടക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര പദ്ധതികൾ;

(സി) ഇവയുടെ പണി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് പറയാമോ?

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.പി. അരവിന്ദാക്ഷൻ: സർ, ലോകബാങ്കിന്റെയും വിദേശ സഹായത്തോടുകൂടി പണിയാരംഭിച്ച എത്ര ഡ്രെയിനേജ് സ്കീമുകളുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; എത്ര വിദേശ സഹായം കഴിഞ്ഞ രണ്ടുവർഷത്തിനിടയ്ക്ക് നമുക്ക് നഷ്ടപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ.എം. മാണി: വിദേശസഹായത്തോടുകൂടി ഡ്രെയിനേജ് സ്കീമൊന്നും നടപ്പിലാക്കുന്നില്ല എന്നുള്ളതാണ് വസ്തുത.

ശ്രീ. കെ.പി. അരവിന്ദാക്ഷൻ: വിദേശസഹായത്തോടുകൂടി ആരംഭിച്ച ഗുരുവായൂർ ഡ്രെയിനേജ് സ്കീം നടപ്പിലാക്കാത്തതുകൊണ്ട് അതിന്റെ സഹായം തിരിച്ചടയ്ക്കേണ്ടിവന്നിട്ടുള്ള ഒരു പ്രത്യേക സാഹചര്യം വന്നിട്ടുണ്ട്. ആ തുക തിരിച്ചടച്ചിട്ടുണ്ടോ; അതിന്റെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ.എം.മാണി: ഇവിടെ ഒരു ഡിസ്റ്റിംഗ്ഷൻ ഉള്ളത് വിദേശസഹായത്തോടുകൂടി നടപ്പിലാക്കുന്ന സ്കീമുകൾക്കാണ്. അങ്ങനെ ഇല്ല. നടപ്പിലാക്കുന്നില്ല. നേരെമറിച്ച് എൽ.ഐ.സി.യുടെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന വേറെ സ്കീംസ് ഉണ്ട്. ചോദ്യം വിദേശ സഹായത്തെക്കുറിച്ചാണ്.

ശ്രീ. കെ.പി. അരവിന്ദാക്ഷൻ: സർ, ഞാൻ വ്യക്തമായിട്ടാണ് ചോദിച്ചത്. വിദേശസഹായത്തോടുകൂടിയാണ് ഗുരുവായൂർ ടൗൺഷിപ്പിലെ സ്പീവറേജ് സ്കീം നടപ്പിലാക്കിയത്. അത് പൂർണ്ണമായും നടപ്പിലാക്കാത്തതുകൊണ്ട് ആ വിദേശസഹായത്തിന്റെ സംഖ്യ മടക്കി അടയ്ക്കേണ്ട ബാദ്ധ്യത നമ്മുടെ സംസ്ഥാന ഗവൺമെന്റിന് വന്നിരിക്കുകയാണ്. അക്കാര്യത്തിൽ എന്താണ് ചെയ്തത് എന്നാണ് എന്റെ ചോദ്യം. അതല്ലാതെ എൽ.ഐ.സി.യുടെ സഹായത്തോടുകൂടി അല്ല, ഗുരുവായൂർ ടൗൺഷിപ്പിലെ ഡ്രെയിനേജ് സ്കീം നടപ്പിലാക്കിയത് കനേഡിയൻ സഹായത്തോടുകൂടിയാണ് എന്ന വ്യക്തമായ വസ്തുത വച്ചുകൊണ്ടുള്ള മറുപടി പറയണം. ഞങ്ങൾക്ക് അത് അറിയാനുള്ള ബാദ്ധ്യതയുണ്ട്.

ശ്രീ. കെ.എം. മാണി: എൽ.ഐ.സി.യുടെ സഹായത്തോടുകൂടിയാണ് ഗുരുവായൂർ ടൗൺഷിപ്പിലെ സ്പീവറേജ് സ്കീം നടപ്പിലാക്കിയിട്ടുള്ളത്. അതനുസരിച്ച് പ്രത്യേക ചോദ്യം ചോദിച്ചാൽ ഞാൻ അതിന് മറുപടി പറയാം. ഇപ്പോളിവിടെ വിദേശ സഹായത്തെക്കുറിച്ചാണ് ചോദ്യം. ഏതായാലും ഗുരുവായൂരിനെ സംബന്ധിച്ചിടത്തോളം. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുകൊണ്ടുമാത്രം പറയുകയാണ്. അത് 1979-ലാണ് തുടങ്ങിയത്. 1975-ൽ അത് തുടങ്ങി. പക്ഷേ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ലഭ്യമാകാത്തതുകൊണ്ട് അത് 1979-വരെ നീണ്ടുപോയി. 88 ലക്ഷം രൂപയായിരുന്നു ആദ്യത്തെ ഇതിന്റെ എസ്റ്റിമേറ്റ്. ഏതായാലും ഇതുവരെ 58 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ശ്രീ. വി.എസ്. ചന്ദ്രശേഖരൻ പിള്ള: ഈ സംസ്ഥാനത്തെ പ്രധാന നഗരങ്ങളിൽ ഡ്രെയിനേജ് പദ്ധതി കാര്യക്ഷമമായി പ്രവർത്തിക്കാത്തതിന്റെ ഫലമായി നാട്ടുകാർക്ക് വളരെയധികം

LIBRARY ARCHIVES Kerala Legislative Assembly

ബുദ്ധിമുട്ട് അനുഭവിക്കേണ്ടി വരുന്നുണ്ടെന്നുള്ള യാഥാർത്ഥ്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനു വേണ്ടി എന്തെങ്കിലും നടപടി ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ.എം. മാണി: ഇതിനകത്തെ ഒരു വസ്തുത ഈ ഡ്രെയിനേജ് സ്കീംസ് എന്നു പറയുന്നത്, അണ്ടർഗ്രൗണ്ടിൽക്കൂടി പോകുന്ന റബ്ബർ ടണൽസ് ഇട്ടുകൊണ്ടുള്ള സ്വീവറേജ് സിസ്റ്റമാണ്. ഇത് ഏറ്റവും കൂടുതൽ കോസ്റ്റ്‌ലി ആയിട്ടുള്ളതാണ്. വെസ്റ്റേൺ കൺട്രീസ് പോലും ഇപ്പോൾ ഇത് ഉപേക്ഷിച്ചുകൊണ്ടിരിക്കുകയാണ്. ഇത് വളരെ കോസ്റ്റ്‌ലി ആണ്. നമുക്ക് ഇപ്പോൾ നാലു സ്ഥലങ്ങളിൽ മാത്രമേ ഈ സിസ്റ്റമുള്ളു. അത് എൽ.ഐ.സി. സ്കീമിന്റെ അടിസ്ഥാനത്തിലാണ്. ലോ കോസ്റ്റ് സാനിറേഷൻ പ്രോഗ്രാം ആണെങ്കിൽ ഇതിന്റെ ആവശ്യം വരുകയില്ല. ഇക്കൊല്ലം അതുകൊണ്ട് വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി ലോ കോസ്റ്റ് സാനിറേഷൻ പദ്ധതിക്കുവേണ്ടി 10 മുനിസിപ്പാലിറ്റികളേയും 37 പഞ്ചായത്തുകളേയും തെരഞ്ഞെടുത്തിട്ടുണ്ട്. ആ സ്കീം പടിപടിയായിട്ട് നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കുകയാണെങ്കിൽ ഇതുകൊണ്ടുള്ള ബുദ്ധിമുട്ട് ഒഴിവാക്കാൻ കഴിയുന്നതാണ്.

ശ്രീ. വി.എസ്. ചന്ദ്രശേഖരൻ പിള്ള: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് 37 പഞ്ചായത്തുകളും പ്രത്യേകം തെരഞ്ഞെടുത്തിട്ടുണ്ടെന്നോണ്. ഈ 37 പഞ്ചായത്തുകളും പ്രത്യേകമായി തെരഞ്ഞെടുക്കാനുള്ള അടിസ്ഥാനമെന്താണ്; അതിനു സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണെന്നു ഒന്നു വ്യക്തമാക്കാമോ?

ശ്രീ. കെ.എം. മാണി: വേൾഡ് ബാങ്കുമായി ഡിസ്കഷൻ നടത്തി അവരുടെ പരിശോധനയും മറ്റും വളരെയധികം പ്രോസസിങ്ങും കഴിച്ചതിനുശേഷമാണ് തെരഞ്ഞെടുക്കുന്നത്.

ശ്രീ. പി.വി. കുഞ്ഞിക്കണ്ണൻ: എൽ.ഐ.സി.യുടെ സഹായത്തോടുകൂടി എത്ര സ്കീമുകളാണ് ഇപ്പോൾ സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്?

ശ്രീ. കെ.എം. മാണി: നമ്മുടെ സ്റ്റേറ്റിൽ ഒട്ടാകെ നാല് സ്വീവറേജ് സ്കീംസേയുള്ളു. വളരെ പണച്ചിലവുള്ളതാണ്. എല്ലാ മുനിസിപ്പാലിറ്റികളിലും ഇതില്ല. തിരുവനന്തപുരം സ്വീവറേജ് സ്കീം, കൊല്ലം സ്വീവറേജ് സ്കീം, കോഴിക്കോട് സ്വീവറേജ് സ്കീം ഇങ്ങനെ നാല് സ്കീമേ നമ്മുടെ സ്റ്റേറ്റിലുള്ളു.

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്: കോഴിക്കോട് കോർപ്പറേഷനിലെ സ്വീവറേജ് സ്കീം നാലഞ്ചു കൊല്ലമായി തുടർന്നു വരികയായിരുന്നു. ഇപ്പോൾ അതിന്റെ പണി നിർത്തിവച്ചിട്ടുണ്ടെന്നാണ് അറിയുന്നത്. അതിൽ വല്ല വാസ്തവവുമുണ്ടോ; അങ്ങനെ നിർത്തിവച്ചിട്ടുണ്ടെങ്കിൽ അത് തുടരുവാൻ ആഗ്രഹിക്കുന്നുണ്ടോ?

ശ്രീ. കെ.എം. മാണി: അതൊന്നും നിർത്തിവച്ചിട്ടില്ല. അത് 1979-ൽ തുടങ്ങിയതാണ്. 49 സ്കയർ കിലോമീറ്റർ ദൂരത്തിലുള്ള ഏതാണ്ട് 90,000 ജനങ്ങൾക്ക് പ്രയോജനകരമായിട്ടുള്ളതാണ് ഇത്.

LIBRARY ARCHIVES Kerala Legislative Assembly

ഇത് നടപ്പിലാക്കും. 483 ലക്ഷം രൂപയാണ് ഇതിന്റെ എസ്റ്റിമേറ്റ്. 1987-88-ൽ പദ്ധതി തീരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിനോടകം തന്നെ 324 ലക്ഷം രൂപ ചെലവഴിച്ചു. അതിന്റെ പണി പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ബെന്നിബഹനാൻ: ഇന്ന് ഡ്രെയിനേജ് സൗകര്യം വേണ്ടത്ര ഇല്ലാത്തതുകൊണ്ട് വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്ന ഒരു പട്ടണമാണ് എറണാകുളം പട്ടണം. അവിടെ ഒരു ഡ്രെയിനേജ് സ്കീം നടപ്പിലാക്കിക്കൊണ്ടിരുന്നു. എന്നാൽ ഇതിന്റെ പണി ഇതുവരെയും പൂർത്തിയാക്കിയിട്ടില്ല. ഈ ഡ്രെയിനേജ് സ്കീം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ.എം. മാണി: അതാണ് സർ ഞാൻ നേരത്തെ പറഞ്ഞത്. പൊതുവിൽ പറഞ്ഞാൽ നമ്മുടെ സംസ്ഥാനത്ത് ആകെ നാല് സ്കീമുകൾ മാത്രമേയുള്ളു. പണത്തിന്റെ അപര്യാപ്തത കൊണ്ടാണ്. പണമുണ്ടെങ്കിൽ നമുക്ക് അതിന് കൂടുതലായി എടുക്കാം. ഏതായാലും കൊച്ചിയെ സംബന്ധിച്ചിടത്തോളം കൊച്ചിയ്ക്ക് ബുദ്ധിമുട്ട് ഉണ്ടെന്നുള്ള കാര്യം എനിക്ക് ബോദ്ധ്യമുണ്ട്.

ശ്രീ. കെ. ശങ്കരനാരായണപിള്ള: വർഷങ്ങൾക്കു മുമ്പ് സ്ഥാപിച്ച തിരുവനന്തപുരത്തെ ഡ്രെയിനേജ് സിസ്റ്റം കാലോചിതമായി പരിഷ്ക്കരിക്കാത്തതുകൊണ്ട് നഗരം തന്നെ മലീമസമായിക്കൊണ്ടിരിക്കുകയാണ്. പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി ഇപ്പോൾ ഭാഗികമായി നിറുത്തിയിരിക്കുകയാണ്. നൈറ്റ് സോയിൽ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടി ഈ ഗവൺമെന്റ് കൈക്കൊണ്ടിരുന്നു. അത് ഏതുവരെയായി എന്നറിയാൻ താൽപ്പര്യമുണ്ട്.

ശ്രീ. കെ.എം. മാണി: തിരുവനന്തപുരത്തെ ഒരു കാര്യം ഞാൻ പറയാം. 1979-ൽ തിരുവനന്തപുരത്തേതിനുള്ള എസ്റ്റിമേറ്റ് 450 ലക്ഷം രൂപയായിരുന്നു. ആദ്യത്തെ എസ്റ്റിമേറ്റ്. 1979-ൽ തുടങ്ങിയതാണ്. തിരുവനന്തപുരമായതുകൊണ്ട് 649 ലക്ഷം രൂപ അതിനുവേണ്ടി ചെലവഴിച്ചുകഴിഞ്ഞു. എസ്റ്റിമേറ്റ് 480 ലക്ഷം രൂപയാണ്. 649 ലക്ഷം രൂപ എസ്റ്റിമേറ്റിനു പുറത്ത് അതിനുവേണ്ടി ചെലവഴിച്ചു. കൂടുതൽ പരിഗണന തിരുവനന്തപുരത്തെ സംബന്ധിച്ചിടത്തോളമുണ്ട്. ഇനിയും ഉദ്ദേശം ഏതാണ്ട് 1200 ലക്ഷം രൂപ കൂടി മുടക്കിയാൽ മാത്രമേ ഇത് പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ എന്നുള്ളതാണ് വസ്തുത.

ശ്രീ. ടി.പി. പീതാംബരൻ മാസ്റ്റർ: എറണാകുളത്തുള്ള ഒരു ഡ്രെയിനേജ് പദ്ധതിയെക്കുറിച്ച് ശ്രീ. ബെന്നിബഹനാൻ ഇപ്പോൾ ചോദിക്കുകയുണ്ടായി. 15 കോടി ഉറുപ്പിക മുടക്കി എറണാകുളത്ത് 5 മേഖലകളാക്കി സ്വീവറേജ് സ്കീം ഉണ്ടാക്കിയിട്ടുണ്ട്. അതിൽ മൂന്നു മേഖലകളിൽമാത്രം ഭാഗികമായി അതിന്റെ പണി നടത്തുകയും തുടർന്ന് അത് നിർത്തിവയ്ക്കുകയും ചെയ്തു. ആ മേഖലകളിൽ മുഴുവൻ ഇത് വരുമെന്നുവിചാരിച്ച് സെപ്റ്റിക് ടാങ്കുകൾ ഇല്ലാതെ കെട്ടിടങ്ങളും മറ്റും പണിതതിന്റെ ഫലമായി സെപ്റ്റിക് ടാങ്കുകളില്ലാതെ നിർമ്മിച്ച വീടുകളിൽനിന്നും ഇപ്പോൾ കാനകളിലേയ്ക്ക് മലമൂത്ര വിസർജ്ജന വസ്തുക്കൾ ഒഴുക്കി വിടുന്നതുകൊണ്ട് അവിടെ ഉണ്ടായിരിക്കുന്ന ദുഃസ്സഹമായ ഒരവസ്ഥ പരിഗണിച്ച് അടിയന്തിരമായി ആ പദ്ധതി പുനരാരംഭിക്കുന്നതിനുള്ള നടപടി എടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.എം. മാണി: എറണാകുളത്തിന്റെ കാര്യം ഞാൻ പറഞ്ഞു കഴിഞ്ഞു. എറണാകുളം ടൗണിനെ സംബന്ധിച്ചിടത്തോളം ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള വളരെ ബിസി ആയിട്ടുള്ള ഒരു സിറ്റി യെന്നുള്ള നിലയിൽ എറണാകുളത്ത് ഇങ്ങനെ ഒരു ഡ്രെയിനേജ് സ്കീം ആവശ്യമാണ്. അതിന് ബുദ്ധിമുട്ടുണ്ട്. പക്ഷേ നമ്മൾ അത് നടപ്പാക്കിയിട്ടില്ല. പണത്തിന്റെ അപര്യാപ്തതകൊണ്ടാണ്. നാലു സ്ഥലത്തുമാത്രമേ കേരളത്തിൽ ഇപ്പോൾ നടപ്പാക്കിയിട്ടുള്ളൂ.

ശ്രീ. വി.ജെ. തങ്കപ്പൻ: ഈ സ്പീഡ്രേജ് സ്കീം വളരെ കോസ്റ്റ്ലി ആയതുകൊണ്ട് ലോ കോസ്റ്റ് സാനിറ്റേഷൻ സ്കീം നടപ്പിലാക്കാൻ പോകുന്നുവെന്ന് മന്ത്രി പറഞ്ഞു. ലോ കോസ്റ്റ് സാനിറ്റേഷന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; അത് ഏതെങ്കിലും മുനിസിപ്പാലിറ്റികളിലോ പഞ്ചായത്തുകളിലോ നടപ്പിലാക്കിയിട്ടുണ്ടോ?

ശ്രീ. കെ.എം. മാണി: ഇത് നമ്മുടെ പട്ടണങ്ങളിൽ ഡബിൾ പിറ്റ് കക്കൂസുകൾ എന്നു പറയും. ഞാൻ അതിന്റെ എക്സ്പെർട്ട് ഒന്നുമല്ല. ഡബിൾ പിറ്റ് കക്കൂസുകൾ എന്നാണ് മലയാളത്തിൽ പൊതുവെ അതിനെക്കുറിച്ച് പറയുന്നത്. ഒരു പുതിയ സാങ്കേതിക ടെക്നോളജിയാണ്. ഒരു സാങ്കേതികതയും അതിനകത്തുണ്ട്. അപ്പോൾ ചെലവുകുറഞ്ഞ, 1200 രൂപ മുടക്കിക്കൊണ്ട് നമുക്ക് അങ്ങനെയുള്ള ലോ കോസ്റ്റ് കക്കൂസുകൾ ഉണ്ടാക്കാം. പക്ഷേ അത് ഇപ്പോൾ പട്ടണങ്ങളിൽ കൊടുക്കുമ്പോൾ, അതിലെ സിംഹഭാഗവും ഗ്രാൻറായിട്ട് കൊടുക്കുന്നു. ഒരു ചെറിയ പോർഷൻ ലോണായിട്ട് കൊടുക്കുന്നു. 20 വർഷം കൊണ്ട് മടക്കിക്കൊടുത്താൽ മതിയെന്നാണ് എന്റെ ഓർമ്മ. അപ്പോൾ ആ നിലയ്ക്ക് പട്ടണങ്ങളിൽ താമസിക്കുന്ന ആളുകൾക്ക് ഇത് വളരെ സഹായകരമായിട്ടുള്ള കാര്യമാണ്. വളരെ പോപ്പുലർ ആയിട്ട് വരുന്ന ഒരു സ്കീമാണ്. ഇപ്പോൾ നമ്മൾ ഈ സ്കീം ലോകബാങ്കിന്റെ സഹായത്തോടുകൂടി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. എ.സി. ഷൺമുഖദാസ്: കേരളത്തിൽ പാർപ്പിടസൗകര്യങ്ങളും മാറും വളരെ വിരളമാണ്. അതിന്റെ അടിസ്ഥാനത്തിലാണ് നമ്മൾ സ്പീഡ്രേജ് സ്കീം എടുത്തത്. എന്നാൽ എടുത്ത തിരുവനന്തപുരം കോഴിക്കോട് അതുപോലെ ഗുരുവായൂർ ടൗൺഷിപ്പ് ഇവിടെയൊക്കെ ഫെയിസ് പ്രോഗ്രാമായിട്ടാണ് വരുന്നത്. ഒരു ഫെയിസ് എടുത്തിട്ടുള്ളൂ. അത് മറ്റ് ഫെയിസ് പ്രോഗ്രാമാക്കി മാറ്റി ഇതിനാവശ്യമായ പണം മറ്റ് ഏജൻസികളിൽനിന്നുമൊക്കെ സംഭരിക്കുന്നതിനുള്ള എന്തെങ്കിലും നടപടി സർക്കാരോ വാട്ടർ അതോറിറ്റിയോ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ.എം. മാണി: ഇതിനാവശ്യമായ അത്രയും പണം ബഡ്ജറ്റിൽ വകയിരുത്തണമെന്നുള്ളതാണ് നമ്മുടെ ആഗ്രഹം. പക്ഷേ മൊത്തത്തിൽ നമ്മുടെ സ്റ്റേറ്റിന്റെ വിഭവ പരിമിതി നോക്കുമ്പോൾ പല കാര്യങ്ങളിലും ആവശ്യമായ പണം വകയിരുത്താൻ നിർവ്വാഹമില്ല. അപ്പോൾ ആ നിലയിൽ നമുക്ക് വിഭവ പരിമിതിയുണ്ട്. എങ്കിലും ഒരു പ്രയോറിറ്റി ഫൈറ്റ് എന്നുള്ള നിലയിൽ തീർച്ചയായും ഇത് ഉൾപ്പെടുത്തേണ്ടതാണ്. ആ നിലയിൽ ഗവൺമെന്റ് അതിനു പരിഗണന കൊടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly